**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാർഷികരംഗത്തേക്ക് വരുന്ന യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികരംഗത്തേക്ക് വരുന്ന യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ? | (എ) | കാർഷിക രംഗത്തേക്ക് വരുന്ന യുവാക്കളെ പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങളും പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1) യുവാക്കൾക്ക് സമൂഹത്തിൽ അംഗീകാരം ഉറപ്പാക്കുന്നതിനായി യുവ കർഷകർക്കായുള്ള സംസ്ഥാന കാർഷിക അവാർഡ് നൽകി വരുന്നു. ഒരു ലക്ഷം രൂപയും പ്രശംസ പത്രവും ഫലകവുമാണ് അവാർഡായി നൽകുന്നത്.<br><br>2) വൈഗയുടെ ഭാഗമായി നടത്തിയ DPR ക്ലിനിക്, ബി.ടു.ബി മീറ്റ് അഗ്രി ഹാക്കത്തോൺ എന്നിവയിലൂടെ യുവാക്കളെ കാർഷിക സംരംഭങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.<br><br>3) യുവതലമുറയ്ക്ക് കാർഷിക സംരംഭകത്വ സാധ്യതകൾ തുറന്നു കൊടുക്കുന്നതിനായി 'വൈഗ' കാർഷിക മേള നടത്തിവരുന്നു. പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്.<br><br>4) ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം സംസ്ഥാനത്തെ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക സംസ്കാരത്തിലൂന്നിയ പ്രാദേശിക സാമ്പത്തിക വികസനത്തിനും കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവാക്കളെ ആകർഷിക്കുവാൻ പദ്ധതികൊണ്ട് സാധിച്ചു.<br><br>5) യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ |

| | | | |
|---|---|---|---|
| | | | പരിശീലിപ്പിക്കുന്നതിനും, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും, ആധുനിക വിപണന സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനും കുറഞ്ഞ സ്ഥലത്തു നിന്നും കൂടുതൽ ഉൽപ്പാദനം സാധ്യമാക്കുന്ന കൃഷി രീതികൾ അനുവർത്തിക്കുന്നതിനും കൃഷിവകുപ്പിനു കീഴിലുള്ള 5 ആർ.എ.റ്റി.റ്റി.സി, 2 എഫ്.റ്റി.സി, ആർ.റ്റി.റ്റി.സി വെള്ളയാണി എന്നിവ വഴി വിവിധ പരിശീലനങ്ങൾ നടത്തി വരുന്നു.<br><br>6) സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സമൂഹത്തിൽ മാന്യമായ സ്ഥാനം കിട്ടുന്നതിനും യുവാക്കൾക്ക് ആകർഷകമായ വരുമാനം സിദ്ധിക്കുന്നതിനും ലക്ഷ്യം വച്ച് കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ മുതലായവ സ്ഥാപിച്ച് സർക്കാർ 30ലക്ഷം രൂപ വരെയുള്ള യന്ത്രോപകരണങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.<br><br>ഇവയ്ക്കു പുറമെ ആധുനിക കൃഷി രീതികളായ ഹൈഡ്രോപോണിക്സ്, മറമഴ കൃഷി രീതികൾ, ഹൈടെക് ഫാമുകൾ, പുഷ്പ കൃഷിയും സംസക്കരണവും എന്നിവ യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളാണ്. പച്ചക്കറി കൃഷിയ്ക്കായി മഴ മറകൾ നിർമ്മിക്കുന്നതിന് 50,000 രൂപ/100 മീറ്റർ എന്ന തോതിലും കൃത്യതാ കൃഷി വ്യാപനത്തിന് 1 ലക്ഷം രൂപ/ഹെ എന്ന നിരക്കിലും ആനുകൂല്യം ലഭ്യമാണ്.<br><br>7) മറ്റു പദ്ധതി ഘടകങ്ങൾ വഴി യുവാക്കൾക്ക് ഏറ്റെടുക്കാവുന്നവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതി ഘടകവും വിവരണവും | ലഭിക്കുന്ന ആനുകൂല്യം |
|---|---|---|
| 1 | കൃഷിഭവൻ തലത്തിൽ കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ചു വിതരണം ചെയ്യുന്ന അഗ്രിഗേറ്റർ ഗ്രൂപ്പുകൾ – യുവാക്കളുടെ കൃഷിക്കൂട്ടം അഭികാമ്യം | രൂപ 10,000/– |
| 2 | നെൽകൃഷിയിൽ ഡ്രോൺ ഉപയോഗിച്ചുള്ള പത്രപോഷണം – ഡ്രോൺ ലഭ്യമാക്കി സേവനം നിർവഹിച്ചു നൽകൽ | രൂപ 2000/ഹെ |
| 3 | തെങ്ങ് കയറ്റം – യന്ത്രം ഉപയോഗിച്ച് നിർവഹിക്കുന്നതിന് കേരഗ്രാമം പദ്ധതി മുഖേനെ | രൂപ 2000/ യൂണിറ്റ് |
| 4 | കുരുമുളകിന്റെ കമ്യൂണിറ്റി നഴ്സറി | രൂപ 30,000/യൂണിറ്റ് |
| 5 | എസ്.എഫ്.എ.സി മുഖേനെ സംരംഭകത്വ സഹായം | പ്രോജക്ട് അടിസ്ഥാനപ്പെടുത്തി |
| 6 | പാക്കേജിംഗ് സാങ്കേതിക വിദ്യ കൈമാറ്റവും പരിശീലനവും IIP മുഖേനെ | സമേതി വഴി സൗജന്യമായി നടത്തപ്പെടുന്നു. |